# കേരള സർവകലാശാല

നം. പി.ആർ.263/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എ/ബി.എസ്.സി/ബി.കോം ടൈം ടേബിൾ

കേരള സർവകലാശാല ഡിസംബർ 14-ന് ആരംഭിക്കുന്ന സി.ബി.സി.എസ് മൂന്നാം സെമസ്റ്റർ ബി.എ, ബി.എസ്.സി, ബി.കോം പരീക്ഷകളുടെ ടൈംടേബിൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്.

### എം.എ ഫലം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ എം.എ അറബിക് ഫൈനൽ സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്.

### ബി.എൽ.ഐ.എസ്.സി ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈ/ആഗസ്റ്റ് മാസങ്ങളിൽ നടത്തിയ ബി.എൽ.ഐ.എസ്.സി സപ്ലിമെന്ററി പരീക്ഷയുടെ ഫലം (www.keralauniversity.ac.in) വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷമ പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഡിസംബർ 30 വരെ അപേക്ഷിക്കാം.

### ആർകൈവ്സ് ആരംഭിച്ചു

കേരള സർവകലാശാലയുമായി ബന്ധപ്പെട്ട ചരിത്ര രേഖകളുടെ ശേഖരം സെനറ്റ് ഹാൾ കാമ്പസിലെ ഐ. ക്യു.എ.സി. ഓഫീസിൽ ആരംഭിച്ചു. സർവകലാശാലകളുടെ ചരിത്രത്തെക്കുറിച്ച് പഠിക്കുന്നവർക്ക് നിശ്ചിത ഫീസ് അടച്ച് രേഖകൾ റഫറൻസ് ചെയ്യാവുന്നതാണ്. പൊതു ജനങ്ങൾക്കും മുൻ സർവകലാശാല ജീവനക്കാർക്കും അവരുടെ പക്കലുള്ള ചിത്രങ്ങൾ, സോവനീറുകൾ, മറ്റു രേഖകൾ എന്നിവ ആർകൈവ്സിലേയ്ക്ക് സംഭാവന ചെയ്യാവുന്നതാണ്.

### മികച്ച ഗവേഷണ പ്രബന്ധത്തിന് അപേക്ഷ ക്ഷണിക്കുന്നു.

യു.ജി.സി.യുടെ അംഗീകരിച്ച പീയർ റിവ്യൂഡ് പ്രസിദ്ധീകരണങ്ങളിൽ 2016 കലണ്ടർ വർഷത്തിൽ ഗവേഷണ വിദ്യാർത്ഥികൾ പ്രസിദ്ധീകരിച്ച ഏറ്റവും മികച്ച പത്ത് ഗവേഷണ പ്രബന്ധങ്ങൾക്ക് 1000/- രൂപവീതമുള്ള ക്യാഷ് ഇൻസെന്റീവിനായി അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. ഗൈഡും വകുപ്പദ്ധ്യക്ഷന്മാരും പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ പ്രബന്ധങ്ങളുടെ കോപ്പിയും അപേക്ഷയും രജിസ്ട്രാർ കേരള സർവകലാശാല എന്ന മേൽവിലാസത്തിൽ ഡിസംബർ 23-ന് വൈകുന്നേരം അഞ്ച് മണിക്കുമുമ്പായി ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷാഫാറത്തിന്റെ മാതൃകയും ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങളും (www.keralauniversity.ac.in) വെബ്സൈറ്റിൽ news എന്ന ലിങ്കിൽ ലഭ്യമാണ്.

### സർട്ടിഫിക്കേറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ്) അഡ്മിഷൻ തുടരുന്നു.

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ഡിസംബർ ആറിന് ക്ളാസ്സ് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗാ ആന്റ് മെഡിറ്റേഷൻ (ഈവനിംഗ് ബാച്ച്) കോഴ്സിന് ഏതാനും സീറ്റൊഴിവുണ്ട്. യോഗ്യത. പ്രീഡിഗ്രി/പ്ലസ്ടു വിജയം. ഫീസ് 6000/- രൂപ, അപേക്ഷ ഫീസ് 100/- രൂപ, ക്ലാസ്സുകൾ . വൈകുന്നേരം അഞ്ച് മണിമുതൽ ഏഴ് മണി വരെ. താല്പര്യമു

ള്ളവർ പി.എം.ജി. ജംങ്ഷനിലെ സി.എ.സി.ഇ.ഇ. ഓഫീസുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ. 0471-2302523.

## കമ്മ്യൂണിക്കേറ്റീവ് അറബിക് ഫലം

കേരള സർവകലാശാല അറബി വിഭാഗം നടത്തിയ കമ്മ്യൂണിക്കേറ്റീവ് അറബിക് ഫലം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018 ലെ പുതിയ ബാച്ച് ജനുവരി ഒന്നിന് ആരംഭിക്കും. വിശദവിവരങ്ങൾ(www.keralauniversity.ac.in) വെബ്സൈറ്റിന്റെ അറബിക് വിഭാഗത്തിന്റെ ലിങ്കിൽ ലഭ്യമാണ്. നമ്പർ : 9562722485.

## അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗത്തിന്റെ ഒ.ഡി.എൽ (ഓപ്പൺ ആന്റ് ഡിസ്റ്റൻസ് ലേർണിങ്) പ്രോഗ്രാം സപ്പോർട്ട് സെന്ററുകളായി പ്രവർത്തിക്കാൻ താല്പര്യമുള്ള കേരള യൂണിവേഴ്സിറ്റി അഫിലിയേറ്റ് ചെയ്ത ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. വിവരങ്ങൾക്കായി യു.ജി.സി നോട്ടിഫിക്കേഷൻ F.No. 2-4/2015(DEB-III) dtd 23.06.17 തീയതിയിലെ ഗസറ്റ് ഓഫ് ഇന്ത്യ എക്സ്ട്രാ ഓർഡിനറി പാർട്ട് III സെക്ഷൻ 4, പേജ് 49-50 കാണുക. അപേക്ഷാ ഫോമും, നോട്ടീസും www.ideku.net എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കേരള സർവകലാശാല സിൻഡിക്കേറ്റ് റൂമിൽ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ ഛായാചിത്രം സ്ഥാപിക്കുന്നതിലേക്കായി പ്രശസ്തരായ ചിത്രകാരന്മാരിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പരീക്ഷ മാറ്റി വച്ചു

കേരള സർവകലാശാല ഡിസംബർ ആറിന് നടത്താനിരുന്ന അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എസ്സി ഇലക്ട്രോണിക്സ് ഡിഗ്രി പരീക്ഷയുടെ കോർ കോഴ്സ് EX 1543 - Digital Communication (2015 അഡ്മിഷൻ) മാറ്റി വച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കുന്നതാണ്. അന്നേ ദിവസം നടക്കുന്ന മറ്റ് പരീക്ഷകൾക്ക് മാറ്റമില്ല.

തിരുവനന്തപുരം.
04.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098